# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2229

26.03.2013ൽ മറുപടിക്ക്.

### എമർജിംഗ് കേരളയിൽ ഏറ്റെടുത്ത പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് നടന്ന എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ പ്രഖ്യാപിച്ച എത്ര പദ്ധതികളാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;<br><br>(ബി) ഇതിൽ ഓരോ പദ്ധതികളും നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ)& (ബി) | എമർജിംഗ് കേരളയിലൂടെ ആകെ 176 സംരംഭങ്ങളെ സംബന്ധിച്ച പദ്ധതി നിർദ്ദേശങ്ങളാണ് ഉയർന്നുവന്നത്. ഇവയുടെ വകുപ്പുതിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.<br>ഈ പദ്ധതി നിർദ്ദേശങ്ങളുടെ തുടർനടപടികൾ വകുപ്പുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്. വിവിധ വകുപ്പുകൾ ഇവ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നു. വ്യവസായ വകുപ്പിനു കീഴിലുള്ള 48 പദ്ധതി നിർദ്ദേശങ്ങളിൽ കെ.എസ്.ഐ.ഡി.സിയും കിൻഫ്രയും നടപടി സ്വീകരിച്ചു വരുന്നു. പ്രാഥമിക പരിശോധനകൾക്കു ശേഷം ഈ പദ്ധതികളിൽ 25 പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. ഇവയിൽ ബി.പി.സി എല്ലിന്റെ കൊച്ചി റിഫൈനറിയുടെ വികസന പദ്ധതിയുടെ ശിലാസ്ഥാപനം 2013 ജനുവരിയിൽ ബഹു. പ്രധാനമന്ത്രി നടത്തുകയുണ്ടായി. മറ്റു പദ്ധതികൾ സൂക്ഷ്മ പരിശോധന, പരിസ്ഥിതി ആഘാത പഠനം ഡി.പി.ആർ തയ്യാറാക്കൽ എന്നീ ഘട്ടങ്ങളിലാണ്. |
| (സി)ഇതിനകം ഏതെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | എമർജിംഗ് കേരളയിൽ വന്ന താഴെ പറയുന്ന പദ്ധതികൾ പുരോഗമിച്ചുവരുന്നു.<br>1. BPCL's Integrated Refinery Expansion Project of Kochi Refinery<br><br>2.സീപ്ലെയിൻ പദ്ധതി ഉടനെ ആരംഭിക്കുന്നതാണ്. |

3. Container Freight Station at Kochi by M/s Gateway Distriparks(P) Ltd in association with M/s Chakiat Group

4. Automotive Mechatronics Cource by Mercedez Benz in collaboration with Higher Education Department , Govt. of Kerala.

5. Knowledge Centres in Automotive Technologies at 16 educational institutions in Kerala, by M/s. Bosch Rexreth, Germany in association with Higher Education Department .Govt.of Kerala.

സെക്ഷൻ ഓഫീസർ

അനുബന്ധം

| | |
|---|---|
| വ്യവസായ വകുപ്പ് | - 48 |
| ടൂറിസം വകുപ്പ് | - 41 |
| ഉന്നത വിദ്യാഭ്യാസ വകുപ്പ് | - 20 |
| വൈദ്യുതി വകുപ്പ് | - 17 |
| ആരോഗ്യ വകുപ്പ് | - 14 |
| ശാസ്ത്ര സാങ്കേതിക വകുപ്പ് | - 11 |
| തുറമുഖ വകുപ്പ് | - 7 |
| തദ്ദേശ സ്വയംഭരണ വകുപ്പ് | - 7 |
| വിവരസാങ്കേതിക വകുപ്പ് | - 5 |
| തൊഴിൽ വകുപ്പ് | - 4 |
| കൃഷി വകുപ്പ് | - 1 |
| റവന്യു വകുപ്പ് | - 1 |
| | 176 |

Section Officer